പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.98 — 05/03/2020-ൽ മറുപടിക്ക്

അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

**ചോദ്യം**

ശ്രീ.ആന്റണി ജോൺ:
" എം.സ്വരാജ്
" കെ.വി.അബ്ദുൾ ഖാദർ
" പി. ഉണ്ണി:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുന:ക്രമീകരിച്ചതിനെ തുടർന്ന് മുപ്പത്തിയൊന്ന് വിദ്യാർത്ഥികൾ ഉണ്ടായിരുന്നാൽ പോലും ഒരു അദ്ധ്യാപകനെ കൂടി നിയമിക്കാമെന്ന മുൻ സർക്കാരിന്റെ ഉത്തരവ് മാനേജ്മെന്റുകൾ ദുരുപയോഗം ചെയ്യുന്ന സാഹചര്യത്തിൽ ഉചിതവും ശാസ്ത്രീയവുമായ മാറ്റം പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(എ) പരിഗണനയിലുണ്ട്.

(ബി) ചില സ്കൂളുകൾ ഈ നിർദ്ദേശം ദുരുപയോഗം ചെയ്യുന്നതിന് വിദ്യാർത്ഥികളുടെ എണ്ണം പെരുപ്പിച്ച് കാണിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ സ്വീകരിച്ചു വരുന്ന നടപടി അറിയിക്കാമോ;

(ബി) ഉണ്ട്. നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് എത്ര അദ്ധ്യാപകർ അദ്ധ്യാപക ബാങ്കിലുണ്ടെന്നും അവരിൽ എത്ര പേരെ മാനേജ്മെന്റുകൾ പിന്നീട് ഉണ്ടായ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ടെന്നതിന്റെയും കണക്കുകൾ ലഭ്യമാണോ; നിലവിൽ ആകെ എത്ര സംരക്ഷിതാധ്യാപകരുണ്ട്; അറിയിക്കാമോ?

(സി) സംരക്ഷിതാധ്യാപകരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു.

| ജില്ല | സംരക്ഷിതാധ്യാപകരുടെ എണ്ണം | എയ്ഡഡ് സ്കൂളുകളിൽ പുനർ വിന്യസിപ്പിക്കപ്പെട്ട സംരക്ഷിതാധ്യാപകരുടെ എണ്ണം | താൽക്കാലികമായി മറ്റ് ഒഴിവുകളിൽ പുനർ വിന്യസിക്കപ്പെട്ട സംരക്ഷിതാധ്യാപകരുടെ എണ്ണം. |
|---|---|---|---|
| തിരുവനന്തപുരം | 273 | 27 | 246 |
| കൊല്ലം | 413 | 182 | 231 |
| പത്തനംതിട്ട | 125 | 26 | 99 |

| | | | |
|---|---|---|---|
| ആലപ്പുഴ | 234 | 55 | 179 |
| കോട്ടയം | 111 | 73 | 38 |
| ഇടുക്കി | 24 | 0 | 24 |
| എറണാകുളം | 369 | 147 | 222 |
| തൃശ്ശൂർ | 417 | 133 | 284 |
| പാലക്കാട് | 435 | 225 | 210 |
| മലപ്പുറം | 290 | 200 | 90 |
| കോഴിക്കോട് | 341 | 210 | 131 |
| വയനാട് | 11 | 10 | 1 |
| കണ്ണൂർ | 289 | 156 | 133 |
| കാസറഗോഡ് | 54 | 28 | 26 |
| ആകെ | 3386 | 1472 | 1914 |

സെക്ഷൻ ഓഫീസർ